# മിഴി

little KITEs

## ജി.എച്ച്.എസ്.എസ്.വെട്ടത്തൂർ

**2018 - 19**

**മാ**നവികമൂല്യങ്ങൾ വറ്റിവരണ്ട് സ്നേഹാർദ്രത നഷ്ടപ്പെട്ട ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ദുരന്തങ്ങളും കലാപങ്ങളും ചാനൽക്കാഴ്ചകളും ആഘോഷങ്ങളായി ഒതുങ്ങുന്നു. മനുഷ്യന് മനുഷ്യനെ തിരിച്ചറിയാതായി. ലോകം നമ്മുടെ വിരൽത്തുമ്പിലൊതുങ്ങിയപ്പോൾ മനസ്സുകൾ കടുകുമണിയേക്കാൾ ചെറുതാവു കയായിരുന്നു.

നാം ഇന്ത്യക്കാരാണെന്നും ഇന്ത്യക്കാരെല്ലാം സഹോദരങ്ങളാണെന്നും ഊറ്റം കൊള്ളുമ്പോഴും മറ്റൊരാളെ കാണുമ്പോഴേക്കും അയാളുടെ ജാതിമതരാഷ്ട്രീയബോധം ഏതെന്ന ചിന്ത മനസ്സിൽ മുളപ്പൊട്ടുന്ന തലത്തിലേക്ക് നമ്മൾ മാറി എന്നത് ഭീതിദമായ ഒരു വസ്തുതയാണ്. സാമ്പത്തിക സാംകാരികവിവേചനവും അതിന്റെ പാരമ്യത്തി ലെത്തിയിട്ടുണ്ട്. സാമൂഹികമായ കൊള്ളരുതായ്മകൾക്കെതിരെ ചൂണ്ടു വിരലുയർത്തുന്നവരെ ഭീഷണിയിലൊതുക്കുകയും ചെയ്യുന്നു. എങ്കിലും അവിടവിടെ കാണുന്ന സ്നേഹത്തിന്റെ, സാന്ത്വനത്തിന്റെ, നന്മയുടെ, ആത്മാർഥയുടെ പുതുനാമ്പുകൾ ഉണ്ടെന്നത് പ്രതീക്ഷയുണർത്തുന്നു. വിഭിന്നവിഭാഗങ്ങളെ സമൂഹത്തിലും മനസ്സിലും ഉൾക്കൊള്ളാൻ കഴിയു മ്പോൾ മാത്രമേ രാജ്യത്തിന് പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ .

ജാതി ചൊല്ലി മതം ചൊല്ലി
ദേശം ചൊല്ലി നിറം ചൊല്ലി
മാനുഷത്തെ തുണ്ടുതുണ്ടായ്
മുറിച്ചിടായ്വിൻ

( സഹോദരൻ അയ്യപ്പൻ)

# ആമുഖം

ഇത് ഒരു മാസിക മാത്രമല്ല അക്ഷരങ്ങൾ വാരിക്കൂട്ടിയെടുത്ത് നിഴലും നിലാവും

ജീവിതവും ഇഴചേർത്ത് ഞങ്ങൾ തീർത്ത ഒരു ഓർമ്മ കൂടിയാണിത്.
ഈ ഓർമ്മകൾ കണ്ടുമുട്ടുന്നത് വരെ കാത്തിരിപ്പിന്റെ മധുരം നിറഞ്ഞ വേദന

നിലനിർത്താൻ അക്ഷരങ്ങളാൽ തീർത്ത ഹൃദയ ബന്ധങ്ങൾ.

# ഉള്ളടക്കം

1. എന്ന് സ്വന്തം ആമി
2. ആലാപനം
3. അമ്മ
4. ബന്ധുക്കൾ
5. അതിഥി
6. തുള്ളി
7. കറുത്ത ഗോളം
8. സ്വപ്നം
9. കോഴിയമ്മയും കുഞ്ഞുങ്ങളും
10. മറക്കുന്നുവോ മലയാളത്തെ
11. മയങ്ങി...മയങ്ങി...മരണത്തിലേക്ക്
12. മോചനം
13. My Teacher
14. നാമധേയം
15. നഷ്ടസ്വപ്നം
16. നശിച്ചു തീരുന്നൊരു ജന്മം

17. ഓരോ യാത്രയും, സംസ്കാരത്തിന്റെ തിരിച്ചറിവുകളാണ്

18. പ്രകൃതിയെ സ്നേഹിക്കുക; സംരക്ഷിക്കുക

19. സ്വർണ്ണനിറമുള്ള കണ്ണട

20. നഷ്ടപ്പെട്ട കഴുത

21. നല്ലതും ചീല്ലതും

22. പ്രേമലേഖനം

23. സ്നേഹം

24. ആത്മവിശ്വാസം

25. എന്റെ ഗ്രാമം

26. കുഞ്ഞുറുമ്പുകളും ചങ്ങാതിയും

27. വെള്ളമില്ലാതെ ജീവിക്കാൻ കഴിയുമോ

28. ബഷീർ എന്ന ബാല്യം ഒന്ന്

29. മോഹിച്ച ഞാൻ



**അഞ്ജന രാജ് സി**
**ഒമ്പത് സി**

# എന്ന് സ്വന്തം ആമി

ഒരുപാട് കള്ളസത്യങ്ങൾക്ക് മേലെ ചവിട്ടിയാണ് അവൾ ആ പടി കടന്നു പോയത്. ഈർപ്പമുള്ള കണ്ണീർതുള്ളികളല്ല രക്തത്തുള്ളികളാണ് ആ അമ്മയുടെ കണ്ണിൽനിന്നും ഒലിച്ചിറങ്ങിയത്. അടുക്കളച്ചുമരിൽ ആ അമ്മ ചാരിയിരുന്നു. തന്റെ മകളെ കുറിച്ച് ആലോചിച്ചു. അവളെ വയറിൽ ചുമന്ന് ആറു മാസം കഴിഞ്ഞപ്പോൾ ഡോക്ടർമാർ പറഞ്ഞു. ഈ കുഞ്ഞിന്റെ ജനനം ഒരു പക്ഷേ നിങ്ങളുടെ മരണത്തിന് കാരണമായേക്കാം. ഇപ്പോൾ ഈ ജീവന്റെ തുടിപ്പിനെ നശിപ്പിക്കാം. നിങ്ങളുടെ ജീവൻ രക്ഷിക്കാം. എന്ത് ചെയ്യണമെന്ന് നിങ്ങൾക്ക് തീരുമാനിക്കാം.

അന്ന് തന്റെ ഭർത്താവ് മരിച്ച് മൂന്ന് മാസം തികയുന്നതേയുള്ളൂ. ഒരുപാട് സ്വപ്നം കണ്ടതാണ് ആ കുഞ്ഞിനെക്കുറിച്ച്. തന്റെ ജീവൻ കൊടുത്തിട്ടാണെങ്കിൽ പോലും ആ കുഞ്ഞിനെ പുറംലോകം കാണിക്കണം. അധികം വൈകാതെ തന്നെ ആരോഗ്യവതിയായ ഓമനത്തമുള്ള ഒരു പെൺകുഞ്ഞിന് ജന്മം നൽകി. ആൺതുണയില്ലാതെ ആമി എന്ന ചെല്ലപ്പേരുള്ള അഭിരാമിയെ വളർത്തിവലുതാക്കി. അമ്മയെന്നതിലുപരി ഒരു സുഹൃത്തായിരുന്നല്ലോ ആമിക്ക് താൻ. തങ്ങൾക്കിടയിൽ ഒരു കൊച്ചുസ്വർഗം തന്നെ പണിതെടുത്തിരുന്നില്ലേ.

എപ്പോഴോ ആ കൊച്ചു സ്വർഗത്തിലേക്ക് ഒരു ചെകുത്താൻകുഞ്ഞ് കടന്നുവന്നു. ഒരു മൊബൈൽഫോൺ. പതിയെ ആമിയുടെ ജീവിതം സൈലന്റ് മൂഡിലേക്ക് മാറി. അമ്മയോട് സൗഹൃദം പങ്കിടുന്നതിലുപരി ചെകുത്താൻ കുഞ്ഞിനോട് സ്നേഹം കാണിക്കാൻ തുടങ്ങി .പുതിയകൂട്ട് നല്ലതല്ല എന്ന് അവളെ പറഞ്ഞു മനസ്സിലാക്കാൻ നോക്കി. നശിക്കില്ലെന്ന് അവൾ പല പ്രാവശ്യം സത്യം വെച്ചു.

അന്ന് അധികനേരം ഫോണിൽ കളിച്ചിരുന്ന ആമിയെ വഴക്ക് പറഞ്ഞ് അടുക്കളയിലേക്ക് ഇറങ്ങിയതേ ഉണ്ടായിരുന്നുള്ളു. ഒരു ചെറുപ്പക്കാരൻ ബൈക്കുമായി വീടിൻെറ മുറ്റത്ത് വന്ന് ഉറക്കെ വിളിച്ചു, ആമീ..... അവൾ ചാടിയെഴുന്നേറ്റ് ബാഗുമെടുത്ത് അവന്റെ പുറകിൽ കയറിപ്പോയി. എതിർത്തൊന്ന് പറയാൻപോലും സമയം തരാതെ പൊടിപറത്തി ബൈക്ക് എങ്ങോട്ടോ പോയി.

സ്റ്റൗവിൽ ഇരുന്ന കുക്കർ വിസിലടിച്ചപ്പോഴാണ് ചിന്തയിൽനിന്നുണർന്നത്. കഴിഞ്ഞ ഒരു വർഷക്കാലം യാന്ത്രികമായാണ് ജീവിച്ചത്. ആമിയില്ലാത്ത കുഞ്ഞു സ്വർഗം നരകമായിമാറി. വിധി എന്തുകൊണ്ടാണ് തന്നെ ഒരു ഭ്രാന്തിയാക്കിമാറ്റാതിരുന്നത്?

ഒരു കുഞ്ഞിന്റെ കരച്ചിലാണ് ഞെട്ടിയുണർത്തിയത്. സമയം മൂന്ന്മണി. നേരം വെളുത്തിട്ടില്ല. ആമിയുടെ കരച്ചിൽപോലെ .എഴുന്നേറ്റ് മുൻഭാഗത്തെ വാതിലിനടുത്തെത്തി. മെല്ലെ വാതിൽ തുറന്നു. ചോരനിറം മാറാത്ത ഒരു കൊച്ചുകുഞ്ഞ്, വാവിട്ട് കരയുന്നു. കുഞ്ഞിനെ കയ്യിലെടുത്തു. കുഞ്ഞിന്റെ കൈകൾക്കുള്ളിൽ ഒരു കടലാസ് . അത് തുറന്ന് വായിച്ചു. "എന്ന് സ്വന്തം ആമി."



ഉണ്ണിക്കൃഷ്ണൻ പി പി
മലയാളാധ്യാപകൻ

# ആലാപനം

മഴ പാടിത്തുടങ്ങി........
മൗനം ഘനീഭവിച്ച ആദിതാളത്തിൽ
അമൃതവർഷിണിയുടെ ഒന്നാം കാലം.....
മാധുര്യമൂറുന്ന മുലപ്പാലിൽത്തുടങ്ങി വെള്ളപൂശിയ കുഴിമാടം വരെ
നീണ്ട ആരോഹണവരോഹണങ്ങൾ....
സ്വപ്നം ജഡീഭവിച്ച മനസ്സിൽ ഇരുളിന്റെ ശ്രുതിഭേദങ്ങളറിയാതെ
രണ്ടാം കാലവും തുടങ്ങിയപ്പോൾ രാഗം സിന്ധുഭൈരവിയായി.
ഇടിയുംമിന്നലുമില്ലാതെ കാറ്റിൻെറ അകമ്പടിപോലുമില്ലാതെ
മൂന്നും നാലും അഞ്ചും കാലത്തിൽ
മായമാളവഗൗളത്തിൻെറ അനല്പാലാപനം

മൃത്യുശയ്യയിലെ നിസ്സഹായതപോലെ
ഇടറിത്തടഞ്ഞ പാട്ടിൻെറ താളം എന്തിനോ തേങ്ങി
ഒടുവിൽ മൗനത്തിൻെറ ധവളതടാകത്തിൽ
ഒരൊറ്റത്തുള്ളിയായി ചുരുങ്ങിയൊതുങ്ങി ആഴ്ന്നപ്പോൾ
ആറാം കാലത്തിൽ സർവരാഗങ്ങളും
അലിഞ്ഞു ചേരുകയായിരുന്നു.

ഫർസാന വി.കെ
ഒമ്പത് എ

# അമ്മ

അമ്മയെന്നെ തലോടിയിരുന്നു
പക്ഷെ അവരെന്നെ തൊട്ടില്ലായിരുന്നു
അമ്മയെന്നെ അറിയുന്നുണ്ടായിരുന്നു
പക്ഷെ അവരെന്നെ കണ്ടില്ലായിരുന്നു
അമ്മയെന്നെ തീറ്റിയിരുന്നു.
പക്ഷെ എന്റെ വായ പോലും
അവർ കണ്ടില്ലായിരുന്നു
അവരെന്നെ സ്നേഹിച്ചിരുന്നു
ഞാനാരാണെന്നോ എന്താണെന്നോ
അറിയാതെ
അവസാനം ഒരു പുനർജന്മത്തിനുവേണ്ടി
അവരുടെ സ്നേഹം കലർന്ന
നിലവിളിയോടെ
ഞാനവരെ കാണുകയായ്
അറിയുകയായ്....
അവരെന്നെയും...



പ്രീതാ നായർ പി
ഇംഗ്ലീഷ് അധ്യാപിക

# ബന്ധുക്കൾ

ബന്ധുക്കൾ........?
കഷണ്ടിത്തലയൊരു
കണക്കുപുസ്തകമാക്കിയൊരച്ഛൻ
കൂട്ടിയും കിഴിച്ചും ജീവിതം
മനകണക്കാക്കിയൊരമ്മ
ഒന്നും കുറയ്ക്കാതെ കൂട്ടിയും
ഗുണിച്ചും
വീണ്ടും കണക്കു
ചോദിക്കുന്നൊരേട്ടൻ

കണക്കുകൂട്ടലുകൾ പാടെ തെറ്റി
സ്വയം ചോദ്യചിഹ്നമായൊരു ചേച്ചി
കൂട്ടിയതും ഗുണിച്ചതുമൊക്കെ
ഹരിച്ചു തുടങ്ങിയ മുത്തച്ഛൻ
ഇവർക്കിടയിൽ അടഞ്ഞ ചിത്രമായ്
ശൂന്യമനസ്സുമായ്......ഈ ഞാനും



ഷർസീന മോൾ ടി,
എട്ട് ജി



# അതിഥി

ഇന്നലെയാണറിഞ്ഞത്
സ്വപ്നത്തിലൂടെ
വീട്ടിലൊരു അതിഥിയുണ്ടെന്ന്
പിന്നെ നെട്ടോട്ടമാണ്
എന്തൊക്കെ ഒരുക്കണം
അതിഥിയെ സന്തോഷിപ്പിക്കണം
കേമമായ ഒരു സൽക്കാരം തന്നെ വേണം
എന്നാൽ
അമ്മയുടെ ഒരു ചാൺ വയറിൽ നിന്നും
പിറന്നു വീണ അന്നേ നീയും ഞാനും അറിഞ്ഞു.
മുന്നറിയിപ്പൊന്നും കൂടാതെ
മരണമെന്നൊരു അതിഥിയുണ്ടെന്ന്.
ഞാനും നീയും ആ അതിഥിക്കായ്
എന്തെങ്കിലും ഒരുക്കിവെച്ചോ?





ഷർസീന മോൾ ടി,
എട്ട് ജി

# തുള്ളി

ഉയരത്തിൽ പണിത മതിലുകൾ
കളിക്കാൻ കൂട്ടുകാരില്ല
ചില്ലിട്ട ജനാലയിൽ
ഒരൊഴുക്ക്
അവൾ കണ്ടു
ജനാല തുറന്നു
ഒരു കുഞ്ഞു മഴത്തുള്ളി
അവളുടെ കയ്യിൽ വന്നു തൊട്ടു
അവൾ താഴേക്കിറങ്ങി
അമ്മയോട് ചോദിച്ചു
തുള്ളിക്ക് തണുപ്പാണല്ലേ

മുഹമ്മദ് ഷാനിഷ് കെ
പത്ത് ഇ

# കറുത്ത ഗോളം

പച്ചത്തണൽ നിറഞ്ഞ നീലഗോളം
പ്രകൃതിതൻ കനിവാലൈശ്വര്യം
ചൂടിയ മക്കൾ ഇല്ലാ
മനുഷ്യർക്കു ദുഷ്ടവിചാരവും
അറിയില്ല മടിയെന്തെന്ന്പോലും
ഉയരും കിളിപ്പാട്ട്
വീഴും നൂൽത്തുള്ളിയോടൊപ്പമാടാൻ
മയിൽപീലികളും.
കാറ്റിൻതാളത്തിനൊപ്പമാടാൻ
കാത്തിരിക്കും വയലും പൂവിതളുകളും.
വാസ്തവം മാത്രം മൊഴിഞ്ഞിടാനായി
നിശ്ചലമായിനിൽക്കും കുന്നുകളും

ഇല്ലാ! ഇത് വെറും മുത്തശ്ശിക്കഥമാത്രം
കാണാൻ കൊതിയുണ്ട് വീണ്ടുമതെല്ലാം
പിറന്നു മനുഷ്യമനസ്സിൽ മടിയും
കൂടപ്പിറപ്പായി ദുഷ്ചിന്ത
ഭൂമിത്തന്നൈശ്വര്യമാകെ കൊഴിഞ്ഞുപോയ്
ഇനി വെറും കത്തും ശരീരം മാത്രം
മറഞ്ഞുപോയ് വയലും കുന്നുകളും പാലരുവികളും
ഇനിവരില്ലെന്ന വാക്കുനൽകി.
ഇതിലും എനിക്കിഷ്ടം ശൂന്യമായ്
നിൽക്കും മരുഭൂമിയെ കാണുവതാണ്
നീലയല്ലീ ഭൂമി പച്ചയല്ലീ ഭൂമി
ഇരുണ്ട് കറുത്തൊരു ഗോളം






മണികണ്ഠൻ ഇ
ഒമ്പത് ഇ

# സ്വപ്നം


കാഴ്ചയില്ലാത്തവന്റെ സ്വപ്നം
ഈ ലോകം വെട്ടിപിടിക്കാനായിരിക്കില്ല
വലിയ കോടീശ്വരനാവാനാവില്ല
ഈ ലോകം ഒന്ന് കാണാനായിരിക്കും

കയ്യില്ലാത്തവന്റെ സ്വപ്നം
മറ്റുള്ളവന്റെ പിച്ച ചട്ടിയിൽ കയ്യിട്ട് വാരാനാവില്ല
മറ്റുള്ളവന്റെ കൈകളെ തളർത്താനുമല്ല
സ്വന്തം കൈകൊണ്ട് ഒരുരുള കഴിക്കാനായിരിക്കും

കാലില്ലാത്തവന്റെ സ്വപ്നം
മറ്റുള്ളവന്റെ നെഞ്ചിൽ ചവിട്ടിനിൽക്കാനാവില്ല
സ്വന്തം കാലിൽ നിവർന്നൊന്ന് നിൽക്കാനായിരിക്കും
ഒന്ന് നടക്കാനായിരിക്കും........

എല്ലാമുള്ളവരുടെ സ്വപ്നങ്ങളോ???





# കോഴിയമ്മയും കുഞ്ഞുങ്ങളും

കാവ്യ പി,
എട്ട് എഫ്

**കാ**ടിനടുത്തുള്ള കൂട്ടിൽ കുഞ്ഞുങ്ങളുടെ കൂടെയായിരുന്നു പിങ്കിക്കോഴിയുടെ താമസം. ഒരു ദിവസം പിങ്കിയമ്മയും കുഞ്ഞുങ്ങളും മുറ്റത്ത് ചിക്കിച്ചികഞ്ഞ് തീറ്റതേടി നടക്കുകയായിരുന്നു.

സൂത്രക്കാരനായ പാച്ചുകുറുക്കൻ അതുവഴി വന്നു. "ഏയ് കോഴിയമ്മേ , വല്ലാതെ ദാഹിക്കുന്നു. കുടിക്കാൻ കുറച്ച് വെള്ളം തരുമോ"

പിങ്കിയമ്മ വെള്ളമെടുക്കാനായി കൂട്ടിനകത്തേക്ക് പോയി. ഉടനെ പാച്ചു അവിടെയുള്ള കോഴിക്കുഞ്ഞുങ്ങളെയെല്ലാം പിടികൂടി സഞ്ചിയിലാക്കി എന്നിട്ട് അവിടെനിന്ന് ഒറ്റപ്പോക്ക്!


പിങ്കിയമ്മ വെള്ളവുമായി വന്നപ്പോൾ മുറ്റത്ത് കുറുക്കനുമില്ല കുഞ്ഞുങ്ങളുമില്ല. പിങ്കിയമ്മ ആകെ വിഷമിച്ചു, മരച്ചുവട്ടിൽ വന്നിരുന്നു. ഇത് കണ്ട് മരത്തിൽനിന്ന് ഒരു അണ്ണാറകണ്ണൻ ഇറങ്ങി വന്നു.

"എന്ത് മണ്ടത്തരമാ കോഴിയമ്മ കാണിച്ചേ , ആ കുറുക്കന്റെ അടുത്ത് കുഞ്ഞുങ്ങളെ തനിച്ചാക്കിപ്പോയതല്ലേ കുഴപ്പമായത്. കുഞ്ഞുങ്ങളെയെല്ലാം ആ കള്ളകുറുക്കൻ പിടിച്ചോണ്ടുപോയി". അണ്ണാറകണ്ണൻ പറഞ്ഞതുകേട്ട് പിങ്കിയമ്മക്ക് സങ്കടമായി.

എവിടെ നിന്നോ കോഴിക്കുഞ്ഞുങ്ങളുടെ പീ... പീ...കേട്ട് അവർ തിരിഞ്ഞുനോക്കി.

അണ്ണാറകണ്ണൻ പറഞ്ഞു. "വിഷമിക്കേണ്ട അതാ നിന്റെ കുഞ്ഞുങ്ങളെല്ലാം തിരിച്ചുവരുന്നുണ്ട്."

അമ്മയെ കണ്ടതും അവരെല്ലാം അടുത്തേക്ക് ഓടി വന്നു. "എങ്ങനെയാണ് കുഞ്ഞുങ്ങളെ നിങ്ങൾ രക്ഷപ്പെട്ടത്." പിങ്കിയമ്മ ചോദിച്ചു. ഒരു കോഴിക്കുഞ്ഞ് കൂടെയുള്ള ചുണ്ടെലിക്കുട്ടനെ കാണിച്ചുകൊടുത്തു. എന്നിട്ട് പറഞ്ഞു. "കുറുക്കൻ ഞങ്ങളെ പിടിച്ച് ചാക്കിലാക്കുന്നത് ഈ ചുണ്ടെലിക്കുട്ടൻ കണ്ടു. അവനും സൂത്രത്തിൽ ചാക്കിൽ കയറി. കുറുക്കൻ നടന്നു നീങ്ങിയതും ചുണ്ടെലികുട്ടൻ ചാക്ക്തുരന്ന് ഒരു തുളയുണ്ടാക്കി. കുറുക്കനറിയാതെ അതുവഴി ചാടിയാണ് ഞങ്ങളെല്ലാം രക്ഷപ്പെട്ടത്. "കുഞ്ഞുങ്ങളെ രക്ഷിച്ച ചുണ്ടെലിക്കുട്ടനോട് പിങ്കിയമ്മ നന്ദി പറഞ്ഞു.



**കീർത്തന കെ**
**എട്ട് എ**



# മറക്കുന്നുവോ മലയാളത്തെ

**മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ**
**മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ**

**മലയാളം മറക്കുന്ന മലയാളികൾ എന്നു പറയുമ്പോൾ അത് പെറ്റമ്മയെ മറക്കുന്ന മക്കൾക്ക് സമമാണ്. സമീപകാലസംഭവങ്ങൾ നമുക്ക് കാട്ടിത്തരുന്നത് മലയാളം മറക്കുന്ന മലയാളികളെയാണ്. മലയാളം ഇന്ന് മലയാളികളാൽ തന്നെ അവഗണിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്നതിന്റെ കാഴ്ചകളാണ് നമുക്ക് കാണാനാവുക**

**ഇതിലേറെയെല്ലാം ആശ്ചര്യം മലയാളഭാഷയെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചത് ഈ അടുത്തിടെയാണ് എന്നതാണ്. 2013 മെയ് 23നാണ് മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ചത്. കേരളത്തിലെ വിദ്യാലയങ്ങളിൽ മലയാളത്തെ ഒന്നാം ഭാഷയാക്കികൊണ്ടുള്ള പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഉത്തരവിറങ്ങിയത് തന്നെ 2011 ലാണ്, എന്നത് നമുക്ക് മലയാളഭാഷയോടുള്ള അവജ്ഞ വ്യക്തമാക്കുന്നതാണ്**

**എന്റെ മക്കൾക്ക് മലയാളം അറിയില്ല എന്നത് ഏറെ പ്രശംസയർഹിക്കുന്നതാണെന്ന് കരുതുന്ന രക്ഷിതാക്കൾ തങ്ങളുടെ മക്കളെ വലിയ ഇംഗ്ലീഷ്മാധ്യമവിദ്യാലയങ്ങളിൽ ചേർക്കുന്നു. മലയാളം സംസാരിച്ചാൽ പിഴ നൽകണമെന്നു പറയുന്ന ഇത്തരം വിദ്യാലയങ്ങളുടെ തണലിൽ പൊങ്ങിവരുന്ന പുതിയ തലമുറ എങ്ങനെയാണ് മലയാളഭാഷയുടെ സംസ്കാരവും പ്രൗഢിയും നിലനിർത്തുക എന്നത് ഏറെ സങ്കടമുണർത്തുന്നതാണ്.**

**മലയാളഭാഷ ഇത്രയേറെ ഭീഷണി നേരിടുമ്പോൾ മലയാളത്തെ മാതൃസ്നേഹത്തിന്റെ അമ്മിഞ്ഞപ്പാൽപോലെ ഹൃദയത്തിലും അതിന്റെ മാധുര്യം നാവിലും കൊണ്ടുനടന്നിരുന്ന കാവ്യചക്രവർത്തിമാരായ വള്ളത്തോളും ഇടശ്ശേരിയും ഒ.എൻ.വി യും കഥാസാമ്രാജ്യത്തിലെ തകഴിയും ബഷീറും ഒക്കെ മലയാളഭാഷയുടെ തിരിച്ചുവരവിനായി പുനർജനിക്കും എന്ന് തീർച്ച.**

**പുലരുക മലയാളമേ വളരുക മലയാളമേ**
**നമിക്കുന്നു നിന്നെ ഞാനെന്നമ്മയെപ്പോൽ**



# മയങ്ങി...മയങ്ങി... മരണത്തിലേക്ക്



**ഇന്ന്** നമ്മെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ വിപത്ത് മദ്യവും മയക്കു മരുന്നും മറ്റു ലഹരികളുമാണ്. മുതിർന്നവരുടെയും കുട്ടികളുടെയും നാശത്തിന് വഴിതെളിക്കുന്ന അഴകുള്ള രാക്ഷസന്മാരാണിവർ.


മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും കറുത്ത കൈകളിൽ അകപ്പെട്ടവർക്ക് പിന്നെ രക്ഷയില്ല. ആദ്യമാദ്യം ഒരു രസത്തിനായി ഉപയോഗിച്ച് തുടങ്ങുകയും പിന്നീട് മാരകമായ വിപത്തിൻെറ മരണക്കിണറിലേക്ക് മുങ്ങിത്താഴുകയും ചെയ്യുന്നു. ആ മരണക്കിണർ ഇരുട്ടു കൊണ്ട് മൂടിയിരിക്കും. പിന്നെ ഒരിക്കലും അവിടെനിന്ന് തിരിച്ചുവരാൻ കഴിയില്ല. ലഹരികൾക്ക് അടിമയാകുന്നത് നാം നമ്മെ തന്നെ കയർ വരിഞ്ഞു മുറുക്കി കൊല്ലുന്നതിന്ന് തുല്യമാണ്. ഭാവിയിൽകരിനിഴൽ വീഴ്ത്തുന്ന വമ്പന്മാരാണ് ഇവർ നമുക്ക് വേണ്ടി ഇവർ കെണി ഒരുക്കുന്നു, മരണക്കെണി.

ഒരു പിശാചിൻെറ ക്രൗര്യത്തോടെ പലരെയും അടിമയാക്കുകയാണ് ലഹരിവസ്തുക്കളുടെ പ്രധാനധർമ്മം. പലരിലും പല സങ്കടങ്ങളുടെയും ആശ്വാസമായി മദ്യം മാറുന്നു ആ ഉപാധി പിന്നീട് കെണിയായി മാറുന്നു.

മദ്യത്തിലേക്കും ലഹരിവസ്തുക്കളിലേക്കും നമ്മളെ എത്തിക്കുന്നതിൽ ദൃശ്യമാധ്യമങ്ങൾ വല്ലാതെ സ്വാധീനം ചെലുത്തുന്നു ചീത്ത കൂട്ടുകെട്ടുകൾ പലരെയും ലഹരിക്കടിമകളാക്കുന്നു. നാം നശിപ്പിക്കുന്നത് രാജ്യപുരോഗതിയെയാണ്. നമ്മുടെ പുതുതലമുറ ഈ ചതിക്കുഴികളുടെ ആഴങ്ങളെക്കുറിച്ചറിഞ്ഞിട്ടും അറിയാതെ വീണ്ടും വീണ്ടും അതിൽ ചെന്നു പതിക്കുന്നു ഇന്ന് സമൂഹത്തെ കാർന്നുതിന്നു കൊണ്ടിരിക്കുന്ന മദ്യത്തെ രാക്ഷസൻ എന്ന് വിശേഷിപ്പിക്കുന്നതാണ് ഉത്തമം.ജീവിതത്തിൽ നിന്നും തുടച്ചുമാറ്റേണ്ട ഒന്നാണ് ലഹരികൾ. പുതിയ തലമുറ ലഹരികളുടെ ചങ്ങലകളിൽ ബന്ധിതരായിരിക്കുകയാണ്. അതിനൊരു മോചനം വേണം.അതിനായി നമ്മൾ ലഹരികളുടെ കൈപ്പിടിയിൽപെടാതിരിക്കുക.അതിൻെറ അടിമയാകാതിരിക്കുക. മദ്യം നമ്മളെ ഭരിക്കരുത്.

**ഷഹന ഷിറിൻ പി**
**എട്ട് ബി**





# മോചനം

**രാ**വിലെ ഇറങ്ങിയതാണ്. നേരം സന്ധ്യയോടടുക്കുന്തോറും ആനന്ദിൻെറ നെഞ്ചിടിപ്പ് കൂടി. കാർമേഘം മാനത്തെ എന്നപോലെ സമൂഹത്തിൻെറ അന്ധകാരം അവന്റെ മനവും കലുഷിതമാക്കി.

താൻ ആരെ പഴിക്കണം?

പത്താം ക്ലാസുകാരനായ തന്നെയും ഒരു വയസ്സുകാരി കുഞ്ഞനുജത്തി ആവണിയെയും തനിച്ചാക്കി ആത്മഹത്യ ചെയ്ത മാതാപിതാക്കളെയോ?

അനാഥരെന്ന പേരിൽ ഞങ്ങളെ തിരിഞ്ഞു നോക്കാത്ത നാട്ടുകാരെയോ?

കുഞ്ഞനിയത്തി ആവണിയെ തറയിൽ കിടത്തി ജോലി തേടി

ഇറങ്ങുമ്പോൾ അവൾക്ക് പൊള്ളുന്ന പനിയുണ്ടായിരുന്നു

"ചേട്ടൻ ന്നെ ഒറ്റക്കാക്കി പൂവ്വാ?"

അവളുടെ കുഞ്ഞു അധരങ്ങൾ വിതുമ്പിയപ്പോൾ കരച്ചിലടക്കിയാ താൻ ഇപ്പോ വരാന്ന് പറഞ്ഞ് ഇറങ്ങിയത്.

താൻ ജോലിക്കായി തെണ്ടി. അവസാനം കിട്ടിയ ജോലി ചെയ്തുണ്ടാക്കിയ പണം, തട്ടിയെടുത്ത പോക്കറ്റടിക്കാരനെയാണോ താൻ പഴിക്കേണ്ടത്? ഇല്ല ഇതു തന്റെ വിധിയാണ്

അവൻ വീടു ലക്ഷ്യമാക്കി നീങ്ങി. അതാ വീടിനു മുമ്പിൽ ആൾക്കൂട്ടം.

എന്താ ഇവർ ഇവിടെ എന്നൊന്നും അവൻ ആലോചിച്ചില്ല തങ്ങളെ തിരിഞ്ഞുനോക്കാത്ത അവരോട് പുച്ഛം മാത്രമായിരുന്നു അവനുണ്ടായിരുന്നത്അവൻ കണ്ട കാഴ്ച ......,

താൻ ആർക്കുവേണ്ടിയാണോ ജീവിച്ചിരുന്നത് , അവളതാ ഒരു കഷ്ണം വെള്ളത്തുണിയിൽ. സമധാനത്തിൻേറതാണ് വെള്ളനിറം; പക്ഷേ അവൻ തളർന്നുപോയി. അവന്റെ ജീവിതത്തിൻെറ നിറം കെട്ടു. അവളെ ഒരു നോക്കു കണ്ടു.ഒരു മുത്തം നൽകി.

സംസ്കാരം കഴിഞ്ഞയുടനെ അവൻ ആ വീട്ടിൽ നിന്നിറങ്ങി. നടക്കുകയാണവൻ, മുമ്പോട്ട്. ലക്ഷ്യമില്ലാതെയല്ല, അവന് മോചനം വേണം. മോചനം മാത്രം. തൻെറ കുഞ്ഞനുജത്തിയില്ലാത്ത ഈ ലോകത്തുനിന്ന്.

പോക്കറ്റടിക്കാരുടെ,കൊള്ളക്കാരുടെ,കൊലപാതകികളുടെ ക്രൂരഹൃദയരായ നാട്ടുകാരുടെ ലോകത്തുനിന്ന്; തനിക്ക് മോചനം വേണം

നല്ലവരുണ്ടാകാം വളരെ കുറച്ച്.......എത്രയൊക്കെ ആയാലും തനിക്ക് മോചനം മതി .......

മുന്നോട്ട് നടന്നു;വളവ് തിരിഞ്ഞു; റോഡ് മുറിച്ച് കടന്നപ്പോൾ എതിരെ വന്ന വണ്ടി........

അവൻ പിടയുകയാണ് ആ റോഡിൽ; മരണവെപ്രാളം കൊണ്ടല്ല! മോചനം കിട്ടിയ സന്തോഷത്തിൽ മാത്രം......

ഷംന എ കെ
ഒമ്പത് സി




My teacher is my world
She shows me the way to heaven
She imparts me knowledge
She gives the power!

My teacher is my friend...
She leads me to victory
She never makes me alone
She is my heart

My teacher is my god
She holds me to the world of knowledge
She fosters me very well
She showers the blessing to me

I will try to make my teacher happy
I like my teacher
I love my teacher
My teacher is all for me



Fathimath shahana .T
9 E



പ്രീതാ നായർ പി
ഇംഗ്ലീഷ് അധ്യാപിക

# നാമധേയം

ഞാൻ.....?
ഞാൻ ഒരു സ്ത്രീ......!
പേര്......?

ജനിച്ചപ്പോൾ ഒരു പേരിട്ടിരുന്നു. പിന്നീട് ബാല്യത്തിൽ സ്കൂളിലും വീട്ടിലുമൊക്കെ നിസ്സാരകാര്യങ്ങൾക്ക് കണ്ണീർ പൊട്ടിയപ്പോൾ അവർ എന്നെ വിളിച്ചു.... തൊട്ടാവാടി.

കൗമാരത്തിൽ അല്പസ്വല്പം സ്വന്തം ശരീരത്തെ ശ്രദ്ധിച്ചുതുടങ്ങിയപ്പോൾ അവർ വിളിച്ചു.... ശൃംഗാരി... മുതിർന്നപ്പോൾ തനിക്കുനേരെ ദംഷ്ട്രകളെയും നഖങ്ങളെയും എതിർത്തപ്പോൾ വിളിച്ചു.....തന്റേടി.....സ്വന്തമായ അഭിപ്രായങ്ങൾ ഉണ്ടായപ്പോൾ അഹങ്കാരി. ജീവിതത്തിന്റെ രണ്ടറ്റം ഏച്ചുകൂട്ടാൻ രാവും പകലും പെടാപാടുപെട്ടപ്പോൾ അവർ ചാർത്തിതന്ന പേര് വ്യഭിചാരിണി....

സ്വന്തം പേര് മറന്ന് ഇത്രയും പേരുകളുടെ ഭാരം ചുമക്കാൻ കഴിയാതെ തന്റെവാക്കുകൾ കറുപ്പായും വെളുപ്പായും ഉതിർന്നപ്പോഴോ .....ലോകം വിരൽത്തുമ്പിൽ കൊണ്ടു നടക്കുന്ന നിങ്ങൾ.....നിങ്ങൾ.... എന്നെ വിളിച്ചു വൈറൽ.

# നഷ്ടസ്വപ്നം



ശാന്തസുന്ദരമീ പ്രകൃതി കാണവേ വിസ്മരിക്കുന്നു
ഞാനെൻ നോവുകളൊരു നിമിഷമെങ്കിലും
പച്ചപുതച്ചൊരു നാടേ നീ
ദൈവത്തിൻ സ്വന്തമെന്നു ഞാൻ
ഒരായിരം വട്ടം മന്ത്രിക്കുമെങ്കിലും
കഴിയില്ലെനിക്കിന്നതിലലിഞ്ഞു ചേരാൻ
ഇത്തിരിയുള്ളീ പച്ചപ്പ്
നാളെയുടെ നഷ്ടസ്വപ്നം

വറ്റിവരണ്ട പുഴതൻ രോദനങ്ങളും
മുറിച്ചുമാറ്റിയ മരങ്ങൾ തൻനോവും
തിരികെയെത്താൻ വഴികാണാതെഴുറി
നിൽക്കും മഴതൻകണ്ണീർകണങ്ങളും
ഇന്നീ സ്വപ്നഭൂമിയൊരു ദുരന്തമായ്
മാറീടവേ നിസ്സഹായയാണു ഞാൻ
വരുംതലമുറക്കിനിയാരാണ് കൂട്ട്
മുത്തശ്ശിക്കഥയായ് മാറുന്നീ ഭൂമിയാം
സ്വർഗവും അതിലുള്ള നമ്മളും

ഫാത്തിമ ഷഹന പി,
ഒമ്പത് ഇ

നാദിയ ഹഫ്സത്ത് കെ പി
ഒമ്പത് എഫ്

# നശിച്ചു തീരുന്നൊരു ജന്മം

എന്റെ മനസ്സാം ഒരു ചെറുപുഷ്പം
പുഷ്പത്തിൻ ഗന്ധം പരക്കുമീ മനസ്സ്
കീറിമുറിച്ചു നോക്കുന്നതാര്
മൃത്യുവോ മനുഷ്യനോ........

മനുഷ്യസങ്കൽപ്പങ്ങൾ നിറവേകുമീനാട്ടിൻ
സ്വപ്നമാം നമ്മൾ മാനുഷർ
കീറിമുറിക്കപ്പെടുന്നോരോജീവനും
ആർക്കെന്നറിയാതെ ആർക്കും വേണ്ടാതെ
നശിച്ചുതീരുന്നൊരു ജന്മം
ഈ വർത്തമാനകാലം
ഭീതി പുലർത്തുന്നകാലം



മനുഷ്യകരാളഹസ്തങ്ങളാൽ
പ്രകൃതിയുടെ പ്രകൃതം വികൃതമാകുന്നു
എന്തിനീ ക്രൂരത എന്തിനീ പാപം
ചെയ്യുന്നു ഭൂമിതൻ മക്കളാം നാം

ഈപ്രപഞ്ചത്തിൻ പരിമളങ്ങൾ
ഈ മണ്ണും വിണ്ണും വായുവും സൂര്യനും
മലിനമാക്കാൻ സമ്മതിക്കരുതേ
മലിനമാക്കാൻ സമ്മതിക്കരുതേ

# ഓരോ യാത്രയും, സംസ്കാരത്തിന്റെ തിരിച്ചറിവുകളാണ്

**അ**ന്യനാടുകളെ കുറിച്ചും അവിടുത്തെ ജനങ്ങളെ കുറിച്ചും ഉള്ള ജിജ്ഞാസ സ്വാഭാവികമായും മനുഷ്യനുണ്ട്. സഞ്ചാരസാഹിത്യം മനുഷ്യന്റെ ഈ ജിജ്ഞാസയെ ശകതിപ്പെടുത്തുന്നു. വിദ്യാഭ്യാസത്തിൽ ദേശസഞ്ചാരത്തിന് വളരെ പ്രാധാന്യമുണ്ട്. താൻ കണ്ട ജനങ്ങളെയും സ്ഥലങ്ങളെയും സംസ്കാരത്തെയും സവിശേഷതകളെയും അവതരിപ്പിക്കുന്നതാണ് സഞ്ചാരസാഹിത്യങ്ങൾ. മലയാളസഞ്ചാരസാഹിത്യപ്രസ്ഥാനത്തിന് വിലയേറിയ സംഭാവനകൾ നൽകിയ എസ്.കെ. പൊറ്റക്കാടിനെ ഈയവസരത്തിൽ സ്മരിക്കാം. ആഷാമേനോന്റെ ഒറ്റക്കു പൂത്തൊരു വാക ഇടമലക്കുടിയിലെ ജീവിതത്തിന്റെ ഭിന്നഭാവങ്ങൾ മനസ്സിലാക്കിത്തരുന്നു.

ഓരോ പ്രദേശത്തിനും അതിന്റേതായ ഒരു സംസ്കാരമുണ്ട്. മലയാളിക്ക് പൊതുവെ ഒരു സംസ്കാരമുണ്ടെങ്കിലും ഒരോ പ്രദേശത്തെത്തുമ്പോഴും ചില നേരിയ വൈജാത്യങ്ങൾ കാണാൻ കഴിയും. ഓരോ പ്രദേശവും വ്യത്യസ്തമായ അനുഭവലോകങ്ങളാണ് നമുക്ക് തുറന്ന് തരുന്നത്. ആഷാമേനോനും കൂട്ടുകാരും പ്രാന്തവൽക്കരിക്കപ്പെട്ട ഇടമലക്കുടിയിലെ യഥാർഥ ജീവിതം അന്വേഷിച്ച് യാത്ര തുടങ്ങിയതാണ്. അവരുടെ സംസ്കാരം അടുത്തറിയുക എന്നതായിരുന്നു ലക്ഷ്യം. പ്രകൃതിയുടെ സൗന്ദര്യത്തോടൊപ്പം ഉൾത്തുടിപ്പുകൾ കൂടി അറിയാൻ ഈ യാത്രയിൽ ലേഖകന് സാധിച്ചു. പ്രകൃതിയോടിണങ്ങി ജീവിച്ചാൽ അവൾ വശംവദയാകുമെന്ന് ഇന്നും ഉൾക്കാടുകളിൽ ജീവിച്ചിരിക്കുന്നവരിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

ജീവിതത്തിന്റെ വ്യത്യസ്ത അവസ്ഥകൾ ചരാചരപ്രകൃതിയുടെ സൂക്ഷ്മഭാവങ്ങൾ എന്നിവ ഓരോ പ്രദേശത്തും നമുക്ക് കാണാൻ കഴിയുന്നു. ആധുനികസമൂഹത്തിന് നഷ്ടപ്പെട്ടുപോകുന്ന തപ്പുതാളങ്ങൾ അനുഷ്ഠാനങ്ങൾ എന്നിവയെ കുറിച്ചും കാട്ടിനകത്തെ ഊരുകളെയും മൂപ്പന്മാരെയും കുറിച്ചും ധാരാളം ലേഖനങ്ങൾ നമുക്ക് മുന്നിൽ തുറന്നുവെക്കപ്പെടുന്നു. ഒരോ യാത്രയും ഓരോ സംസ്കാരത്തിന്റെ തിരിച്ചറിവുകളാണ്.

**ഷർസാന വി കെ,**
**ഒമ്പത് എ**





മാജിദ
ഒമ്പത് എ

# പ്രകൃതിയെ സ്നേഹിക്കുക; സംരക്ഷിക്കുക

നമ്മുടെ ഭൂമി; നമ്മുടെ അമ്മ എന്നു പറയാൻ അവകാശമുള്ള നമ്മുടെ ഭൂമിയെ നമ്മളിൽ ആരെല്ലാം സ്നേഹിക്കുന്നുണ്ട്? നമ്മുടെ അമ്മയായ ഈ ഭൂമി ഇപ്പോൾ മരിച്ചുകൊണ്ടിരിക്കുകയാണ്. നശിപ്പിക്കുന്നതോ നമ്മൾ തന്നെ.

ആരാണ് സ്വന്തം അമ്മയെ നശിപ്പിക്കുക? ആരുമുണ്ടാവില്ല, ഈചോദ്യത്തിന് അനുകൂലമായി മറുപടി പറയാൻ. എന്നാൽ ഈ സത്യാവസ്ഥയൊന്നും അറിയാതെ സ്വന്തം സുഖത്തിനുവേണ്ടി നാം ഈ ക്രൂര പ്രവൃത്തി ചെയ്യുന്നു.

ആധുനിക തലമുറയ്ക്ക് ഈ വക ചിന്തകളൊന്നും തന്നെയില്ല. നാം സ്വന്തം സുഖത്തിനും സന്തോഷത്തിനും വേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവരായിമാറിയിരിക്കുന്നു. നാം ചെയ്യുന്നതെല്ലാം ഒരു പക്ഷെ സ്വന്തം സുഖത്തിനായിരിക്കാം. പക്ഷേ ഇതെല്ലാം ഒരിക്കൽ നമ്മിലേക്ക് തന്നെ നാശത്തിന്റെ രൂപത്തിൽ തിരിച്ചടിക്കുമെന്ന വസ്തുത നാമോർക്കേണ്ടതുണ്ട്.

ഒരു കണക്കിന് പറഞ്ഞാൽ ഭൂമിയുടെ പകുതി തന്നെ മനുഷ്യനാൽ മലിനമാക്കപ്പെട്ടിരിക്കുകയാണ്. പ്ലാസ്റ്റിക്ക്നിർമ്മിതവസ്തുക്കളാണെങ്കും.ഇത് മനുഷ്യന് നിത്യ ജീവിതത്തിൽ ആവശ്യമാണുതാനും. അനിയന്ത്രിതമായ ഉപയോഗവും ഉപയോഗ ശേഷം പരിസരബോധമില്ലാതെ ഇവ ഉപേക്ഷിക്കുന്നതും ഭൂമിക്ക് ഭീഷണിയാവുന്നു. ഇവ ഭൂമിയിൽ അഴുകിച്ചേരുന്നില്ല എന്നതാണ് വലിയൊരു ദുരന്തം.

എന്നാൽ ഈ പ്ലാസ്റ്റിക് എല്ലാം കത്തിച്ച് നശിപ്പിക്കാം എന്ന് കരുതിയാലോ, അത് അന്തരീക്ഷം മുഴുവൻ മലിനമാക്കുകയും ജീവജാലങ്ങളുടെ നിലനിൽപ്പിന് തന്നെ ഭീഷണിയായി മാറുകയും ചെയ്യും. പല മാരകമായ രോഗങ്ങൾക്കും അത് വഴി തുറയ്ക്കും. ചുരുക്കി പറഞ്ഞാൽ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു വിപത്തു തന്നെയാണ് പ്ലാസ്റ്റിക്ക്. ഉപയോഗം പരമാവധി കുറച്ച് നമ്മുടെ അമ്മയായ ഭൂമിയെ രക്ഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അല്ലെങ്കിൽ കുറച്ചു വർഷങ്ങൾ കൂടി കഴിഞ്ഞാൽ ഭൂമിയിലെ ആവാസം സാധ്യമല്ലാതാകും അത്രതന്നെ. ഈ അവസ്ഥ തുടർന്നാൽ ഇനി ഭൂമിയെ തിരിച്ചുപിടിക്കാൻ സാധ്യമല്ലാതാകും. അതിനാൽ നാം ഓരോരുത്തരും ഇപ്പോഴെങ്കിലും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.



# സ്വർണ്ണനിറമുള്ള കണ്ണട

ഫാത്തിമ ഷഹന പി,
ഒമ്പത് ഇ

ഇന്നലെയും ഞാനാ സ്വപ്നം കണ്ടു, സ്വർണനിറമുള്ള കണ്ണട. എന്നത്തേയും പോലെയല്ല ഞാനത് കണ്ടത്. അതിന്റെ ചില്ലുകൾ നാനാവിധം ഉടഞ്ഞുപോയിരിക്കുന്നു. ആ ചില്ലുകഷ്ണങ്ങൾ എന്റെ നേർക്ക് തിരിഞ്ഞ് കൊഞ്ഞനം കുത്തി. ഉറക്കമുണർന്നിട്ടും അത് എന്നെ വല്ലാതെ അലട്ടുന്നു. വല്ലാത്തൊരു അസ്വസ്ഥത.

മനസ്സ് ഗ്രാമത്തിലെ സ്വന്തം തറവാട്ടിലേക്ക് ചേക്കേറി. ഒരോ തവണ അവധിക്ക് ചെല്ലുമ്പോഴും അമ്മ പറയും "മോനേ ൻെറ കണ്ണടൊന്ന് മാറ്റിത്തര്വോ?"

'അമ്മക്കെന്തിനാ ഇപ്പൊരു കണ്ണട . അതിനൊരു കേടുല്യല്ലോ?"

"ഈ നെറം കെട്ട കണ്ണട വെക്കാൻ നിക്ക് വയ്യ, ഒന്നും വായിക്കാൻ തിരിയുന്നില്ല അതെങ്ങനാ ആർക്കും ൻെറ കാര്യത്തിലൊരു ശ്രദ്ധേല്യല്ലോ. ഓരോരുത്തർക്കും കുടുംബായി, കുട്ട്യോളായി , അവര്ടെ കാര്യായി" അമ്മ ഓരോന്നോരോന്നായി എണ്ണിപ്പെറുക്കി വ്യസനിക്കാൻ തുടങ്ങി.

കഴിഞ്ഞ തവണ അനുവിന്റെ കണ്ണട മാറ്റാൻ പോയപ്പോഴും അമ്മ അത് സൂചിപ്പിച്ചതായിരുന്നു. ഞാനത് കേട്ടതായി ഭാവിച്ചില്ല.ഇപ്രാവശ്യം വിലകൂടിയ ലെൻസാണ് അനുവിന് വാങ്ങിയത്. അവളത് നേരേ ചെന്ന് അമ്മയോട് പറയുകയും ചെയ്തു.

"അമ്മമ്മേ കണ്ണട വാങ്ങി എങ്ങനീണ്ട്ന്ന് നോക്ക്യേ".

അമ്മ സന്തോഷത്തോടെ കവർ പൊളിച്ചു നോക്കി.' 'സ്വർണനിറത്തിലുള്ളതല്ലേ കുട്ടാ ഞാൻ പറഞ്ഞേ പിന്നെന്തേ ഇത്? "

"അയ്യോ അമ്മമ്മേ അതെനിക്കാ, അതിന് രണ്ടായിരറുപ്പ്യായി."

അമ്മമ്മയുടെ മുമ്പിൽ നിന്നും അനുവിന്റെ അമ്മ അവളെ കൈപിടിച്ചു വലിച്ചോണ്ടു പോയി. പലപ്പോഴും കണ്ണട വാങ്ങാൻ പുറപ്പോടുമ്പേഴെല്ലാം കൗസല്യ മുടക്ക് പറയും.

"എന്താപ്പോ നിങ്ങളന്നെ വാങ്ങണംന്ന് നിർബന്ധം നിങ്ങടെ അനിയനോട് പറ, അവന് വാങ്ങികൊടുത്തൂടെ. അല്ലാത്ത കാര്യങ്ങള് നിങ്ങളന്യല്ലേ നോക്കണേ.അടുത്തമാസം അവൻ വരുമ്പോ വാങ്ങികൊടുത്തോളും"

"അതെല്ലെടീ ഒരു പത്തെഴുപഞ്ചുറുപ്പ്യ, അല്ലെങ്കി നൂറ്റമ്പത് അതിൽ കൂടില്ല.

വേണ്ടാന്ന് പറഞ്ഞില്ലേ.....പിന്നെ ഒന്നും മിണ്ടണ്ട."

( ഒരു മാസത്തിനു ശേഷം) വില കൂടിയാലും വേണ്ടില്ല. നല്ല ഒരു കണ്ണട തന്നെ വാങ്ങണം. പിന്നെ അനിയന്റെ വീട്ടിൽ പോകണം . കണ്ണട വാങ്ങിയിറങ്ങിയപ്പോഴാണ് അരുണിന്റെ ഫോൺ വന്നത്. "ഏട്ടാ എവിടാ ....ഒന്ന് പെട്ടെന്ന് വരൂ......." 'ന്താടാ....."

"പറയാം, ഏട്ടൻ പെട്ടൊന്നൊന്ന് വരൂ."

പെട്ടെന്ന് തന്നെ അരുണിന്റെ വീട്ടിൽ എത്തി." ഏട്ടാ.....വിലാസിന്യേടത്തി വിളിച്ചിരുന്നു. അമ്മക്ക് തീരെ സുഖല്ല്യ. ഹോസ്പിറ്റലിൽ ഐ സി യുവിൽ ആണത്രേ. ഒന്ന് ബോധം പോയി പിന്നെ തീരം മിണ്ടിയിട്ടില്ല. പറ്റുമെങ്കിൽ രണ്ടാളോടും വരാൻ പറഞ്ഞു. ഞാൻ ടിക്കറ്റിന് പറഞ്ഞിട്ടുണ്ട്."

നാട്ടിൽ നിന്ന് വന്നിട്ട് അധികമായിട്ടില്ലെങ്കിലും യാത്രക്കുള്ളതെല്ലാം പെട്ടെന്ന് തന്നെ ശരിയാക്കി. മനസ്സിൽ മുഴുവൻ കുറ്റബോധത്തിന്റെ മുറിപ്പാടുകൾ തന്നെയായിരുന്നു, യാത്രയിലുടനീളം. കാറുമായി വന്ന അളിയന്റെ മുഖം വായിച്ചപ്പോഴേ അറിഞ്ഞു, അമ്മയുടെ വിയോഗം. വീട്ടിലെത്തിയ ഞാൻ നിറകണ്ണുകളോടെ അമ്മയുടെ ശരീരത്തിനടുത്തെത്തി കയ്യിലെ കണ്ണട മുഖത്ത് ചാർത്തി. ആ നെറ്റിയിൽ ചുംബിച്ച് നിവർന്നപ്പോൾ തേങ്ങിക്കരഞ്ഞ് അനു അമ്മയുടെ ഉടഞ്ഞ കണ്ണടയുമായി മുമ്പിൽ.അതിലെ ചില്ലുകഷ്ണങ്ങൾ മൂർച്ചയുള്ള ഒരായിരം ചില്ലുകൂട്ടങ്ങളായി എന്നെ ചുറ്റി വരിഞ്ഞു.



# നഷ്ടപ്പെട്ട കഴുത

അങ്ങാടിയിലെ ഒരു നാടൻ തട്ടുകട. കട്ടപത്തിൽ ഒരു ചായയും കുടിച്ച് വെടി പറഞ്ഞ് രസിക്കുകയായിരുന്നു മൊല്ലാക്ക. മൊല്ലാക്കയുടെ ഒരു പരിചയക്കാരൻ ഓടിക്കിതച്ചു വന്നു അറിയിച്ചു " "മൊല്ലാക്കാ നിങ്ങളുടെ കഴുതയെ ആരോ മോഷ്ടിച്ചുകൊണ്ടു പോയി".

യാതൊരു ഭാവവ്യത്യാസവും കൂടാതെ ബഞ്ചിൽ നിന്ന് മൊല്ലാക്ക എഴുന്നേറ്റ് നിലത്ത് മുട്ടുകുത്തി നിന്ന് കൈകൾ മേലോട്ടുയർത്തി പ്രാർത്ഥിച്ചു.

"കരുണാമയനായ അല്ലാഹുവേ,നിനക്ക് നന്ദി. അപ്പോൾ ആ കഴുതപ്പുറത്തിരിക്കാൻ എനിക്ക് തോന്നാതിരുന്നത് എത്രയോ നന്നായി. അല്ലെങ്കിൽ ഞാനും അ കഴുതയോടൊപ്പം മോഷ്ടിക്കപ്പെട്ടുമായിരുന്നു. ഇതാണ് നഷ്ടപ്പെട്ട കഴുത എന്ന കഥയുടെ ആശയം എന്ന് പറയുന്നത്

# നല്ലതും ചീത്തതും

നാം പരിസ്ഥിതിയുടെ സംരക്ഷകർ ചെയ്യുന്നതതോ
പരിസ്ഥിതിയെ ക്രൂരമായി വേദനിപ്പിക്കുന്നു
മാനുഷിക മൂല്യങ്ങൾ പറന്നകലുമ്പോൾ
പ്രകൃതിഭംഗിയും അകലുന്നു
നല്ല മനസ്സിനേ നല്ലതു ചെയ്യാനാവൂ
നല്ല മനുഷ്യർക്ക് നല്ല മനസ്സം
ചീത്ത മനുഷ്യർക്ക് ചീത്ത മനസ്സം ഉണ്ടാകും
നല്ല മനുഷ്യർക്ക് പരിസ്ഥിതിയോട് സ്നേഹമുണ്ടാവും
ചീത്ത മനുഷ്യർ പരിസ്ഥിതിയോട് വെറുപ്പ്കാണിക്കും
ചീത്തവർ സഹോദരങ്ങളെ മൃഗീയമായി പലതും ചെയ്യും
എന്നാലും ഭൂമി എല്ലാം സഹിക്കും... അവൾ സർവ്വംസഹയാണ്

# പ്രേമലേഖനം

അകലേക്ക് എന്നിൽ നിന്നും നീ അകന്നു പോയില്ലേ ? ഇന്നു വരേയും നിനക്കായ് ഞാൻ കാത്തു. നീ പോയ് മറഞ്ഞ ആ ദിവസം കൊണ്ട് എന്റെ ഹൃദയം വരണ്ടതുപോലെ നമ്മുടെ ഗ്രാമവും വരണ്ടു . ഇന്ന് എന്റെ കണ്ണീർ കൊണ്ട് ഞാൻ ഗ്രാമത്തെ പച്ചപ്പിൽ പൊതിഞ്ഞു. പക്ഷേ അവസാന കണ്ണീർ വീണത് ചോരത്തുള്ളിയായിരുന്നു . ഞാൻ ഭൂമിയുടെ മടിത്തട്ടിൽ വിശ്രമിക്കാൻ പോകുന്നു .

ഒരു പക്ഷേ നീ അപ്പോൾ വന്നാൽ ആകാശത്തേക്ക് നോക്കുക .എന്റെ രക്തം കൊണ്ട് മേഘങ്ങൾ ചുവക്കും . എന്റെ നിശ്വാസത്തിൽ അത് മഴയായ് പെയ്തിറങ്ങും . അന്ന് ഭൂമിയിലെ മുഴുവൻ പൂക്കളും ചുവന്നു പൂക്കും .അപ്പോൾ ഞാൻ മരിച്ചിരിക്കും . പിണക്കമോ പരിഭവമോ ഇല്ല . പക്ഷേ ആത്മാവിൽ ഒരു ചിതയെരിയുന്നുണ്ട്. പ്രിയനേ, നിനക്കുനന്ദി.

ഒരു ചെമ്പനീർപ്പൂവ് എനിക്കായ് കാത്തുവെച്ച വസന്തകാലത്തിനും പെയ്തൊഴിയാത്ത മഴമേഘങ്ങൾക്കും ഹൃദയങ്ങൾക്ക് സ്നേഹത്തിന്റെ കൈയ്യൊപ്പ് കോറിയിട്ട പ്രിയനേ നിനക്കു നന്ദി ......



# സ്നേഹം

ഇവിടെ സ്നേഹിച്ചതാർദ്രമായ് ആരെ ഞാൻ
മിഴികളിൽ ചുണ്ട് ചേർത്തൊരമ്മയെ......
കവിത ചൊല്ലിപ്പഠിപ്പിച്ചൊരച്ഛനെ
വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ
ഇവിടെ സ്നേഹിച്ചതാർദ്രമായ് എന്തിനെ?
ചുവടു താങ്ങിത്തുണച്ചൊരീ മണ്ണിനെ...
പിറവിയോടൊത്തു കണ്ട സദസ്സിനെ
മധുരമൂറും മനുഷ്യ വചസ്സിനെ
കിളികൾ വാഴ്ത്തുന്ന മുഗ്ധ രാഗത്തിനെ....
കുളിരു ചൂടുന്നസുപ്രഭാതത്തിനെ
ഹൃദയ രാഗം ചുവപ്പിച്ച സന്ധ്യയെ
ഇരുളു നീക്കുന്ന സുവർണ സൂര്യനെ..........

# ആത്മവിശ്വാസം

*ആ വഴി എങ്ങ്  മറഞ്ഞു*
*ഇരുമൊഴി പറഞ്ഞകന്നു*
*എൻ മനം നിന്നെ തിരഞ്ഞു.*
*ബാല്യത്തിൽ നാം മധുരം നുകർന്നു,*
*നാമേറിയ ചെറുവഞ്ചി,*
*കാറ്റിൻ വേഗത്തിൽ മറഞ്ഞപ്പോൾ*
*അക്കരെ എത്തി നാമതിവേഗം*
*അണയാത്ത തിരിപോൽ,*
*ഇരുമനസ്സ്നേഹം കത്തിജ്ജ്വലിച്ച*
*എങ്ങും കൂത്താടിയ കാലം*
*മതിയെന്നു പറഞ്ഞകന്നു.*
*അന്ധകാരത്തിൽ നീയും യാത്രയായ്*
*കൺചിമ്മും വേഗത്തിൽ നീ മറഞ്ഞുവോ?*
*ആൾക്കൂട്ടത്തിൽ തിരയുന്നു*
*ഒരുനാൾ തമ്മിൽ കണ്ടീടുമെന്നത്,*
*എൻ ആത്മവിശ്വാസത്തിൻ ഉണർവ്വ്!*

# എന്റെ ഗ്രാമം


കാടും മലകളും കാട്ടാറുമായെൻ...
ഗ്രാമം എന്നെ നോക്കിചിരിക്കുന്നു...
പൊന്നിൻ നിറം പൂശിനിൽക്കുന്നു...
പാടത്തിൽ പൊന്നരി പ്രാവുകൾ പാറുന്നു

ആരെയോ നോക്കി ചിരിക്കുന്ന തത്തകൾ...
അങ്ങോട്ടായ് ഇങ്ങോട്ടായ് പാറുന്നു...
വാടാതെ നിൽക്കുന്ന പൂക്കളെ നോക്കി...
ഞാൻ മൂകമായ് അങ്ങനെ നിൽക്കുമ്പോൾ...
കേര വൃക്ഷങ്ങളിൽ പൂകിയ സൗന്ദര്യം...
ഗ്രാമത്തെ ഒന്ന് തലോടി പോയി...
ആരോ പാടിയ പാട്ടിൽ മധുരത്തിൽ...
എന്നെ മറന്നൊന്നു നിന്നപ്പോൾ...
ആരോ ചൊല്ലുന്നുവെൻ കാതിൽ...
ഗ്രാമീണ ഭംഗിതൻ സംഗീതം...



# കുഞ്ഞുറുമ്പുകളും ചങ്ങാതിയും

കുഞ്ഞിളം കാട്ടിൽ കുറെ കുഞ്ഞുറുമ്പുകൾ താമസിച്ചിരുന്നു. ഒരു ദിവസം അവർ കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് തിമ്മൻ കുഞ്ഞനാന അവിടെയെത്തിയത്. 'കൂട്ടുകാരേ.... എന്നെയും നിങ്ങളോടൊപ്പം കളിക്കാൻ കൂട്ടുമോ? തിമ്മനാന ചോദിച്ചു. അതിനെന്താ കൂടിക്കോളൂ.......



കുഞ്ഞുറുമ്പുകൾ പറഞ്ഞു. അവൻ ഉറുമ്പുകളോടൊപ്പം ആടിയും പാടിയും കളിക്കാൻ തുടങ്ങി. പെട്ടന്ന് ശക്തമായ ഒരു കാറ്റു വീശി
'യ്യോ..... ഞങ്ങളിപ്പോൾ പറന്നു പോകും രക്ഷിക്കണേ.....
'കുഞ്ഞുറുമ്പുകൾ കരയാൻ തുടങ്ങി -
തിമ്മനാന നിലത്തു കിടന്നിട്ടു പറഞ്ഞു " എല്ലാവരും എന്റെ ശരീരത്തോടു ചേർന്നു നിന്നോളൂ ആരും പറന്നുപോകില്ല......."
ഉറുമ്പുകൾ കുഞ്ഞനാനയോടു ചേർന്നു നിന്നു അങ്ങനെ അവർ കാറ്റിൽ നിന്നും രക്ഷപ്പെട്ടു അപ്പോഴതാ ശക്തമായ മഴ , യ്യോ...നമുക്ക് വേഗം മാളത്തിലേക്ക് പോകാം. അല്ലെങ്കിൽ എല്ലാവരും നനയും
"ഉറുമ്പുകളുടെ തലവൻ പറഞ്ഞു" അപ്പോഴേക്കും കുഞ്ഞനാന ഒരു വലിയ വാഴയിലയുമായെത്തി .ഇതാ എല്ലാവരും ഈ ഇലക്കുള്ളിൽ കേറിക്കോ, മഴ നനയില്ല...... കുഞ്ഞൻ പറഞ്ഞു ഉറുമ്പുകൾ വാഴയിലയുടെ അടിയിൽ ചേർന്നിരുന്നു. അപ്പോൾ ഉറുമ്പുകളുടെ തലവൻ പറഞ്ഞു കണ്ടോ........ സ്വന്തംകാര്യം നോക്കാതെ ചങ്ങാതികളെ രക്ഷിക്കാനെത്തിയ കുഞ്ഞനാണ് യഥാർത്ഥ സുഹൃത്ത് അതുകേട്ടപ്പോൾ കുഞ്ഞനാനക്ക് സന്തോഷമായി ....!



# വെള്ളമില്ലാതെ ജീവിക്കാൻ കഴിയുമോ ?



പുഴയിലും കുളത്തിലും ധാരാളം വെള്ളമുണ്ടായിരുന്നു. കിണറു നിറയേ വെള്ളം. ഇഷ്ടം പോലെ മഴയും ഉണ്ടായിരുന്നു. ഇപ്പോഴോ മഴ കുറയുന്നു. പുഴ വറ്റുന്നു. കുളങ്ങളിലും കിണറുകളിലും മാലിന്യം കലരുന്നു. കുടിക്കാനും ആഹാരമുണ്ടാക്കാനും വെള്ളം വേണം. വെള്ളമില്ലാതെ ജീവിക്കാനാവില്ല. അപ്പോൾ എന്തു ചെയ്യും? പ്രക്രതി നൽകുന്ന വെള്ളം നാളേക്ക് കരുതിവയ്ക്കണം .

# ബഷീർ എന്ന ബാല്യം ഒന്ന്

അവശനായ കക്കാടിന്റെ
ദിനശംയിലന്നാൾ
അവിടെവന്നിരിക്കെ ഞാൻ
അർഥിച്ചേൻ: പേരകുട്ടി
ഇവർ ഈശ്വര സത്യ-
ജഞാനി സൂഫിയാം താങ്കൾ
ഇവടെ  നിറുകയിൽ
തൊട്ടനുഗ്രഹിച്ചാലും!"
കഴിചനായി,ലാടിൽ,
അണ്ഡകോടിയിൽ സ്നേഹ-
പ്പൊരുൾ തേടിന  കൈയാൽ
താങ്കളെൻ കിടാവിനെ
മടിയിൽച്ചേർ-
ത്തിരുത്തി വികതിക ബാല്യം



# മോഹിച്ചു ഞാൻ

ആശിച്ച മോഹിച്ച നേടിയൊരാപ്പവിഴ
മുത്ത് തെന്നി ചിതറി നിലത്തുവീണു
തെന്നിയ മുത്തെൻ കൺമുന്നിൽ മറഞ്ഞ
നേരമെൻ മനംവിഭ്രാന്തമായി;ആരോടും
പറയാനാവാത്ത നൊമ്പരം ഉള്ളിലൊതുക്കി
ഞാൻ നീങ്ങീടവേ..ആരോടു പറയാനാവാതെ
നൊമ്പരം ഉള്ളിലൊതുക്കി ഞാൻ നീങ്ങീടവേ..
ആരോടു ചൊല്ലണം എങ്ങനെ ചൊല്ലണം
എന്നൊരു ചിന്തയെന്നിൽ അടയിരുന്നു
എന്തിനെന്നറിയില്ല ഏതിനെന്നറിയില്ല!